
1620

75




വിവരാവകാശ നിയമപ്രകാരം സമർപിക്കുന്ന അപേക്ഷ

അപേക്ഷകൻ

ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം ഫോൺ 9961408999

സ്വീകർത്താവ്

അസി. ഇൻഫർമേഷൻ ഓഫീസർ
കെ ഡിസ്ക്
ഇന്ത്യാ ഹൈറ്റ്സ് ബിൽഡിങ്
വഴുതക്കാട്
തിരുവനന്തപുരം

വിവരാവകാശ നിയമപ്രകാരം താഴെ പ്രതിപാദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് താത്പര്യപ്പെടുന്നു

1. സ്വന്തം ആസ്ഥാനമന്ദിരമോ, ഓഫീസുകളോ നിർമിക്കുന്നതിന് നാളിതുവരെ കെ ഡിസ്ക് സർക്കാരിന് കത്ത് കൈമാറിയ്യുണ്ടോ. പകർപ്പ് ലഭ്യമാക്കുക

2. കെ ഡിസ്ക് ആസ്ഥാനമന്ദിരം ഇന്ത്യാ ഹൈറ്റ്സ് ബിൽഡിങ്ങിൽ പ്രവർത്തിച്ച് തുടങ്ങിയശേഷം ഒരോ തവണയും അടച്ച വൈദ്യുതി ബിൽ തുകകൾ എത്ര ഒരോ തവണത്തെയും കണക്കുകൾ നൽകുക

3. കെ.ഡിസ്കിന്റെ പ്രധാന ഓഫീസ് 48 വോൾട്ട് ഡി.സിയിൽ എന്നുമുതൽ പ്രവർത്തിച്ച് തുടങ്ങി

5/1/23

4. സ്റ്റേറ്റ് എനർജി കൺസർവേഷൻ പുരസ്കാരത്തിന് കെ ഡിസ്ക് ഹാജരാക്കിയ രേഖകളുടെ പകർപ്പ്

5 .കെ. ഡിസ്കിന്റെ പി.എം.യുവിൽ എത്ര കൺസൾട്ടൻറുമാർ പ്രവർത്തിക്കുന്നുണ്ട്. അവരുടെ വിവരം ലഭ്യമാക്കുക.പേര് പ്രതിഫലം, യോഗ്യത, ഏൽപിച്ചിട്ടുള്ള ചുമതലകൾ, നാളിതുവരെ അവർ പൂർത്തിയാക്കിയ ചുമതലകൾ എന്നിവയുടെ വിവരം

7.കെ ഡിസ്ക് ജീവനക്കാരുടെ പെർഫോമൻസ് അലവൻസ് അപ്രൈസൽ 2022 ൽ നടത്തിയിട്ടുണ്ടോ കൺസൾട്ടന്റ്, പ്രോഗ്രാം മാനേജർ, പ്രോഗ്രാം എക്സിക്യൂട്ടീവ് എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്നവരുടെ റിവ്യൂ ആരൊക്കെ ചേർന്നാണ് നടത്തിയത്. റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുക

9. കെ ഡിസ്ക് നടപ്പാക്കിയ അല്ലെങ്കിൽ നടപ്പാക്കിവരുന്ന ഒരോ പ്രോജക്ടിനും ഇതുവരെ ചെലവാക്കിയ തുകയുടെ വിവരം ലഭ്യമാക്കുക. ഒരോ പ്രോജക്ടിന്റെയും ചെലവ് ഇനി നൽകാനുള്ള തുക എന്നിവ നൽകുക

10.കെ ഡിസ്ക് ഇതുവരെ ചുമതലപ്പെടുത്തിയ കരാറുകാർ, അവർക്ക് നൽകിയിട്ടുള്ള തുക എന്നിവ നൽകുക

വിശ്വസ്തതയോടെ

ബി.അജിത് രാജ്

05–01–2023
തിരുവനന്തപുരം

05/01/2023.

K-DISC
Kerala Development and Innovation Strategic Council

കേരള ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നം. 9/2023/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014
തീയതി : 04/02/2023

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

ശ്രീ . ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. ബി. അജിത് രാജ് 05.01.2023 ന സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 05.01.2023 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 05.01.2023 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വന്തം ആസ്ഥാനമന്ദിരമോ, ഓഫീസുകളോ നിർമിക്കുന്നതിന് കത്തുകൾ കൈമാറിയിട്ടില്ല.

2. ഇന്ത്യ ഹൈറ്റ്സ് ബിൽഡിങ്ങിൽ പ്രവർത്തനം തുടങ്ങിയശേഷം അടച്ച വൈദ്യുതി ബിൽ തുകകൾ ഒരു പേജിൽ ലഭ്യമാണ്. ആയതിനായി 3 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

3. കെ.ഡിസ്കിന്റെ പ്രധാന ഓഫീസ് 48 വോൾട്ട് ഡി.സിയിൽ 30.10.2021 മുതൽ പ്രവർത്തിച്ച് തുടങ്ങി.

4. സ്റ്റേറ്റ് എനർജി കൺസർവേഷൻ പുരസ്കാരത്തിന് കെഡിസ്ക് ഹാജരാക്കിയ രേഖകളുടെ പകർപ്പ് RTI Section (8)(d) പ്രകാരം ലഭ്യമാക്കാൻ നിർവാഹമില്ല

5. കെ. ഡിസ്കിന്റെ പി.എം.യുവിൽ 16 കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നുണ്ട്. അവരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| Sl. No. | Name | Educational Qualification | Name of the Project/ Programme of K-DISC | Remuneration in Rs. |
|---|---|---|---|---|
| 1 | Prakash Mathew | MBA<br>B.Tech Mechanical, with professional experience of 4 years | Office of the Member Secretary | 1,25,000 per month |

| | | | | |
|---|---|---|---|---|
| 2 | Ajit Gerald | MBA Project Management<br>B.E Electronics & Instrumentation, with professional experience of 2.5 years | Electric Vehicle Consortium & Other Green Energy Initiatives | 1,25,000 per month |
| 3 | Arjun R Nair | M-Tech- Industrial Safety<br>B- Tech - Mechanical, with professional experience of 2.5 years | ODOI & Smart Coffee initiative | 1,25,000 per month |
| 4 | Dr. Nidhi M B | PhD in Supply Chain Management, with professional experience of 22 years | ODOI | 3500 per day |
| 5 | Vimal Ravi | MSW, with professional experience of 23 years | OLOI & PDP | 1,00,000 per month |
| 6 | Arun Krishnan | B.Tech EEE, with professional experience of 12 years | KFP, YIP & Support on IT Platform development. | 3,500 per day |
| 7 | Biju Prameswaran | B.Tech Mechanical, with professional experience of 25 years | YIP, Content Development & Media related activites | 5,000 per day |
| 8 | M K Vasu | B.Sc, with professional experience of 34 years | OLOI | 45,000 per month |
| 9 | P Jayaraj | B.Com, with professional experience of 24 years | OLOI | 45,000 per month |
| 10 | Subashchandran K. | B.Sc Physics, with professional experience of 25 years | OLOI | 45,000 per month |
| 11 | Nisha S | B.Sc Maths<br>MA Malayalam, with professional experience of 30 years | PMU Administration | 40,000 per month |
| 12 | Dr.Chandrasekhar | PHD in Economics, with professional experience of 2 years | OLOI | 65,000 per month |
| 13 | Dr. Deepa P. Gopinath | PHD in Electronics and Communination Eng., with professional experience of 26 years | OLOI | 2,11,474 per month |
| 14 | Dr. Asok Kumar A | Diploma in Civil Engineering<br>B.Tech EEE<br>M.Tech in control Systems<br>PHD in Electrical and Electronic Engineering, with professional experience of 28 years | OLOI & ODOI, Electric Vehicle Consortium. | 85,000 per month |
| 15 | Dr. Sini Thomas | Master of Vetrinary Science, with professional experience of 20 years | OLOI | 1,17,156 per month |
| 16 | Akshaya Rajesh | B.Tech, with professional experience of 3 years | OLOI | 65,000 per month |

ഏൽപിച്ചിട്ടുള്ള ചുമതലകൾ, പൂർത്തിയാക്കിയ ചുമതലകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ 32 പേജുകളിലായാണ് ഉള്ളത്, ഒരു പേജിന് 3 രൂപാ നിരക്കിൽ 96 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

7. കെ ഡിസ്ക് ജീവനക്കാരുടെ പെർഫോമൻസ് അലവൻസ് അപ്രൈസൽ 2022 ൽ നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പെർഫോമൻസ് അലവൻസ് അപ്രൈസൽ റിവ്യൂ മെമ്പർ സെക്രട്ടറി നേരിട്ടാണ് നടത്തിയിട്ടുള്ളത്. റിവ്യൂ റിപ്പോർട്ടിന്റെ പകർപ്പ് RTI Section (8)(j) പ്രകാരം ലഭ്യമാക്കാൻ സാധിക്കുകയില്ല.

9.ഓരോ പ്രോജെക്റ്റിനും ചിലവായ തുക, ഇനി നൽകാനുള്ള തുക എന്നിവ 2 പേജുകളിലായാണുള്ളത്, ഒരു പേജിന് 3

രൂപാ നിരക്കിൽ 6 രൂപാ "0070-60-118-99-receipts under Right to Information Act 2005 " എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

10. ചോദ്യം വ്യക്തമല്ലാത്തതിനാൽ, മറുപടി നൽകാൻ നിർവ്വാഹമില്ല.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ താഴെപറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരി</u>

ഡോ.പി.വി ഉണ്ണികൃഷ്ണൻ<br>
മെമ്പർ സെക്രട്ടറി<br>
കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ<br>
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്<br>
തിരുവനന്തപുരം, കേരളം 695014

വിശ്വസ്തതയോടെ,

S. [signature]

സുരേഷ് കുമാർ എസ്<br>
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ